## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -1048** **30.10.2019-ലെ മറുപടി**

### മുക്കം മേജർ കടിവെള്ള പദ്ധതിക്ക് ഭരണാനുമതി

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ) | തിരുവമ്പാടി, കുന്ദമംഗലം, കൊടുവള്ളി മണ്ഡലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വിഭാവനം ചെയ്ത മുക്കം മേജർ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) | മുക്കം, കൊടുവള്ളി എന്നീ മുനിസിപ്പാലിറ്റികൾക്കും മാവൂർ, ചാത്തമംഗലം, കൊടിയത്തൂർ, കാരശ്ശേരി, മടവൂർ, കിഴക്കോത്ത്, ഓമശ്ശേരി എന്നീ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള മുക്കം മേജർ കുടിവെള്ള പദ്ധതിക്ക് 123 കോടി രൂപ അടങ്കൽതുകയുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 5 വർഷം കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ചുള്ള ഇൻവെസ്റ്റ്മെൻറ് പ്ലാനിൽ ഈ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. ഇൻവെസ്റ്റ്മെൻറ് പ്ലാനിൽ ഉള്ള എല്ലാ പദ്ധതികൾക്കും ആവശ്യമായ ഫണ്ട് ഇപ്പോൾ ലഭ്യമല്ല. ആയതിനാൽ ധനലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; | ബി) & സി) | ബജറ്റ് പ്രസംഗത്തിലോ ബജറ്റിന്റെ മറുപടി പ്രസംഗത്തിലോ ഉൾപ്പെടുത്തി പ്രഖ്യാപിച്ചതോ, അതല്ലെങ്കിൽ ക്യാബിനറ്റ് തീരുമാനപ്രകാരമോ മാത്രമേ പദ്ധതികൾ കിഫ്ബിയിൽ ഏറ്റെടുക്കാറുള്ളൂ. |
| (സി) | പ്രസ്തുത പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | | |

Renuka Sankar
സെക്ഷൻ ഓഫീസർ